പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1883 — 07-03-2017-ൽ മറുപടി നൽകേണ്ടത്

**ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പദ്ധതികൾ**

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്

ശ്രീ.വി.ഡി.സതീശൻ

ശ്രീ.സണ്ണി ജോസഫ്

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സാധാരണ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഈ സർക്കാർ നിലവിൽ വന്ന ശേഷം ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; | (എ) യും (ബി) യും | കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചു വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പിന്റെ 28.09.2016-ലെ സ.ഉ. (പി) നം. 41/2016/ആ.സാ.വ നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br>സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി<br>ജന സൗഹൃദ സർക്കാർ ആശുപത്രികൾ<br>സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി<br>ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.<br>സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണിവ. ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശം. |
| (ബി) | വീടില്ലാത്തവർക്ക് വീട് നൽകുന്നതിനും പട്ടയമില്ലാത്തവർക്ക് പട്ടയം നൽകുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) | 'ഓരോ ഫയലും ഒരോ ജീവിതമാണ്' എന്ന പ്രഖ്യാപനത്തിന് വിരുദ്ധമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ ജനങ്ങൾക്ക് എപ്രകാരമാണ് ആശ്വാസമേകാൻ കഴിയുക എന്നറിയിക്കാമോ; | (സി) | ഫയലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഡി) | ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ആവശ്യപ്പെടുന്നവർക്ക് ഇത് നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് അത് കാലതാമസം കൂടാതെ നൽകുന്നതിലേക്ക് ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി ധനസഹായം വിതരണം ചെയ്യണമെന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ